**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 2518 — 07.10.2016-ൽ മറുപടിയ്ക്ക്

## തദ്ദേശസ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നു മുതലായിരുന്നു വർദ്ധിച്ച ഓണറേറിയം പ്രഖ്യാപിച്ചത്; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 10.08.2016-ലെ സ.ഉ.(അച്ചടി) നം. 30/2016/തസ്വഭവ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പ്രതിമാസ ഓണറേറിയം 01.07.2016 മുതൽ മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഇതു സംബന്ധിച്ച തീരുമാനം എടുത്തിരുന്നോ; | (ബി) | 02.03.2016-ലെ മന്ത്രിസഭായോഗം ഓണറേറിയം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നു. എന്നാൽ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. |
| (സി) | ഇപ്പോൾ നടപ്പിലാക്കുന്ന വർദ്ധനവിലൂടെ എത്ര കോടി രൂപയുടെ അധിക ബാധ്യത പ്രതിവർഷം ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്നും ഏതു ഫണ്ടിൽ നിന്നാണ് ഈ തുക കണ്ടെത്തുന്നതെന്നും വ്യക്തമാക്കാമോ? | (സി) | ഓണറേറിയം വർദ്ധനവിലൂടെ ഗ്രാമപഞ്ചായത്തുകൾക്ക് 77,62,16,400/- രൂപയും ജില്ലാ പഞ്ചായത്തുകൾക്ക് 1,87,39,200/- രൂപയും ബ്ലോക്ക് പഞ്ചായത്തുകൾക്ക് 10,92,12,000/- രൂപയുടെയും കേരളത്തിലെ മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും കൂടി പ്രതിവർഷം 20,54,80,800/- രൂപയുടെയും അധിക ബാധ്യത ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ നിന്നുമാണ് ഇതിനാവശ്യമായ തുക കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ